ഉത്തരം

(എ) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സർവ്വീസിൽനിന്നും വിരമിച്ച 2 ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർക്ക് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ/പ്രോജക്ടുകളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) സർവ്വീസിൽനിന്നും ചീഫ് സെക്രട്ടറിമാരായി വിരമിച്ച ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ, ശ്രീ. ബാബു ജേക്കബ് എന്നീ ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർക്കാണ് ഇപ്രകാരം നിയമനം നൽകിയിട്ടുള്ളത്. ശ്രീ. എൻ. ചന്ദ്രശേഖരൻ നായരെ കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഡയറക്ടറും ചെയർമാനും ആയി ആണ് നിയമിച്ചത്. അദ്ദേഹത്തിന് മാസംപ്രതി പതിനായിരം രൂപ ഓണറേറിയം കമ്പനി നൽകുന്നുണ്ട്. ഇതിനുപുറമെ ഔദ്യോഗിക യാത്രകൾക്ക് യാത്രാബത്തയും കമ്പനിവക കാറും, വീട്ടിലെ ടെലിഫോണും, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സൗകര്യവും കെ. ടി. ഡി. എഫ്. സി., എം. ഡി. ക്ക് അനുവദനീയമായിട്ടുള്ള മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

ശ്രീ. ബാബു ജേക്കബിനെ അർബൻ റിന്യൂവൽ പ്രോജക്ടുകളുടെയും, വിദേശ സഹായ പദ്ധതി (Externally Aided projects) കളുടെയും അഡ്വൈസർ ആയി ആണ് നിയമിച്ചിട്ടുള്ളത്. ഈ പദവി ചീഫ് സെക്രട്ടറി റാങ്കിൽ ഉള്ളതും സ്റ്റേറ്റ് കാർ ഉൾപ്പെടെ ചീഫ് സെക്രട്ടറിക്ക് ലഭ്യമാവുന്ന എല്ലാ സൗകര്യങ്ങളും ലഭിക്കുന്നതുമാണ്. ഈ നിയമനത്തിനുള്ള ശമ്പളം കേരള സർവ്വീസ് ചട്ടം പാർട്ട് III ലെ റൂൾ 100 പ്രകാരം ഉള്ളതായിരിക്കും. കൂടുതൽ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സെക്രട്ടേറിയറ്റിൽ ചട്ടങ്ങൾ ലംഘിച്ചുള്ള നിയമനം

8 [2314] *ശ്രീ. ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിൽ ചട്ടങ്ങൾ ലംഘിച്ച് നിയമനം നടത്തുന്നതായുള്ള വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ നടത്തിയ നിയമനങ്ങൾ എത്രയാണ്;

(സി) ഏതെല്ലാം തസ്തികകളിലാണ് ഇത്തരം നിയമനം ഇതിനകം നടത്തിയിട്ടുള്ളത്;

(ഡി) പാർട്ട് ടൈം സ്വീപ്പർ തസ്തികയിലും പാർട്ട് ടൈം ഗാർഡനർ തസ്തികയിലും നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് സ്ഥിരംനിയമനം നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)—(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന നിയമത്തിന് ഇളവനുവദിച്ച് താഴെപ്പറയുന്ന രണ്ടു നിയമനങ്ങൾ നടത്തിയിട്ടുണ്ട്:

(1) ദിവസവേതനാടിസ്ഥാനത്തിൽ കൂടുതൽ കാലം ജോലി നോക്കിയിട്ടുള്ള യാളെന്ന നിലയ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ദിവസവേതനക്കാരിയായി ജോലി നോക്കിയിരുന്ന ശ്രീമതി ജി. മോളിയെ പാർട്ട് ടൈം സ്വീപ്പർ-കം-സാനിട്ടേഷൻ വർക്കറായി നിയമിച്ചിട്ടുണ്ട്.

(2) സെക്രട്ടേറിയറ്റ് തോട്ടത്തിൽ ദിവസവേതനക്കാരനായി ജോലി നോക്കുന്ന ശ്രീ. പി. രാജീവിനെ പാർട്ട് ടൈം ഗാർഡനറായി നിയമിച്ചുത്തരവായിട്ടുണ്ട്. സെക്രട്ടേറിയറ്റ് തോട്ടത്തിൽ ദിവസവേതനക്കാരനായി കൂടുതൽകാലം ജോലി നോക്കിയിരുന്നയാളെന്ന നിലയ്ക്ക് തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സാമ്പത്തികപരാധീനത കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ചാണ് ടിയാന്റെ നിയമന ഉത്തരവ് പുറപ്പെടുവിച്ചത്. പാർട്ട് ടൈം സ്വീപ്പർ, പാർട്ട് ടൈം ഗാർഡനർ തസ്തികകളിലേക്ക് സ്ഥിരനിയമനമാണ് നടത്തുന്നത്.

ഡൽഹിയിലെ കേരള ഹൗസിന്റെ മാതൃകയിൽ മുംബൈ, ചെന്നൈ ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളാ ഹൗസുകൾ

9 [2315] *ശ്രീ. കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള കേരളാ ഹൗസിന്റെ മാതൃകയിൽ മുംബൈ, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ കേരളാ ഹൗസുകൾ പണിയാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഗവൺമെന്റ് എന്തെങ്കിലും നടപടി കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly